**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ കോഴി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട റെന്ററിംഗ് പ്ലാന്റിന്റെയും അതോടൊപ്പം ബയോഗ്യാസ് പ്ലാന്റിന്റെയും ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട് അധികമായി ചെലവ് വന്ന തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2420/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 31/10/2019

---

പരാമർശം:- 1. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/04/2019 ലെ എ5-1307/19 നമ്പർ കത്ത്.

2.പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5/8/2019ലെ എ5-1307/19 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 17/09/2019 ലെ PAN/9341/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ കോഴി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട റെന്ററിംഗ് പ്ലാന്റിന്റെ ഉദ്ഘാടനം 2019 ഫെബ്രുവരി 23ന് ബഹു. മന്ത്രി ശ്രീ. ഇ പി ജയരാജനും, അതോടൊപ്പം ബയോഗ്യാസ് പ്ലാന്റിന്റെ ഉദ്ഘാടനം കെ പി ശ്രീമതി ടീച്ചർ എം.പി യും നിർവഹിച്ചു. ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട് ആകെ 55,700/- രൂപ ചെലവായിട്ടുണ്ട്. മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾക്ക് ചെലവഴിയ്ക്കാൻ അനുവദിച്ചിട്ടുള്ള 25,000/- രൂപയിൽ അധികമായി ചെലവ് വന്ന 30,700/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കണമെന്നാണ് പാപ്പിനിശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടും സെക്രട്ടറിയും യഥാക്രമം പരാമർശം 1,2 കത്തുകൾ പ്രകാരം അപേക്ഷിച്ചിരിക്കുന്നു . പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ടി അപേക്ഷ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ കോഴി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട റെന്ററിംഗ് പ്ലാന്റിന്റെയും അതോടൊപ്പം ബയോഗ്യാസ് പ്ലാന്റിന്റെയും ഉദ്ഘാടന പരിപാടിയുമായി ബന്ധപ്പെട്ട് അധികമായി ചെലവ് വന്ന 30,700/- രൂപ (മുപ്പത്തിനായിരത്തി എഴുന്നൂറ് രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ്, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ